സഹകരണ യൂണിയന്റെ ഹ്രസ്വകാല കോഴ്സുകൾ

164 (948)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഉയർന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നടത്തുവാൻ സംസ്ഥാന സഹകരണ യൂണിയൻ ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ബി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് നടത്തുന്ന കോഴ്സ് പോലെ സംസ്ഥാന സഹകരണ യൂണിയന് ഹ്രസ്വകാല കോഴ്സുകൾ നടത്തുവാൻ ഉദ്ദേശമുണ്ടോ;

(സി) സംസ്ഥാനത്തെ എത്ര സഹകരണസംഘങ്ങളിലെ ഉയർന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗങ്ങൾ ഐ.സി..എം. നടത്തുന്ന കോഴ്സിൽ കഴിഞ്ഞ 10 മാസക്കാലം പങ്കെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

(ഡി) ഇവരെ പരിശീലനത്തിനയ്ക്കുവാൻ സഹകരണ സംഘങ്ങൾക്ക് എന്ത് തുക ചെലവായി;

(ഇ) സംഘത്തിന്റെ പൊതുഫണ്ടിൽനിന്നും പരിശീലനത്തിന് ചെലവാകുന്ന ഇത്തരം തുകയ്ക്ക് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ ഉയർന്ന തസ്തികളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് 3 മുതൽ 6 ദിവസം നീണ്ടുനിൽക്കുന്ന ഹ്രസ്വകാല മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ സംസ്ഥാന സഹകരണ യൂണിയൻ നടത്താറുണ്ട്.

(ബി) സമാന്തര കോഴ്സുകളൊന്നും നടത്തുവാൻ സംസ്ഥാന സഹകരണ യൂണിയൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) കഴിഞ്ഞ 10 മാസക്കാലം ഐ.സി.എം. നടത്തിയ കോഴ്സിൽ താഴെ പറയുംപ്രകാരം 721 പേർ പങ്കെടുത്തിട്ടുണ്ട്.

തിരുവനന്തപുരം	-	77
കൊല്ലം	-	85
പത്തനംതിട്ട	-	46
ആലപ്പുഴ	-	58
കോട്ടയം	-	64
ഇടുക്കി	-	89
എറണാകുളം	-	70
തൃശ്ശൂർ	-	84
പാലക്കാട്	-	17
മലപ്പുറം	-	61

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്	-	25
വയനാട്	-	4
കണ്ണൂർ	-	00
കാസർഗോഡ്	-	13
		721

(ഡി) കോഴ്സ് ഫീസ്, യാത്രപ്പടി, ദിനബത്ത എന്നിവയാണ് സംഘം വഹിക്കേണ്ട ചെലവുകൾ. ആകെ ചെലവായ തുക ശേഖരിച്ചുവരുന്നു.

(ഇ) ജീവനക്കാരുടെ പരിശീലനത്തിനു ചെലവാക്കുന്ന തുകകൾക്ക് ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേക അനുമതി ആയതുമില്ല.

സഹകരണസംഘം ഇലക്ഷനുകളുടെ നടത്തിപ്പ്

165 (949)ശ്രീ. ജി. സുധാകരൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിലേക്കുള്ള ഇലക്ഷൻ ഒരു വിഭാഗം ബഹിഷ്കരിക്കുന്ന രീതി ഈ സർക്കാർ നിലവിൽ വന്നശേഷം തുടരെത്തുടരെ ഉണ്ടാകുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സഹകരണസംഘം ഇലക്ഷനുകളിൽ അക്രമവും കള്ളവോട്ടും നടക്കുന്നുവെന്ന് ആരോപിച്ച് കോടതിയെ സമീപിക്കേണ്ടിവരുന്ന സാഹചര്യം അടിക്കടി ഉണ്ടാകുന്നതായി ഗവൺമെന്റിന് അറിവുണ്ടോ; എങ്കിൽ അത് ജനാധിപത്യ പ്രക്രിയയുടെ പരാജയം മൂലമല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സഹകരണസംഘം ഇലക്ഷനുകളിൽ അക്രമം ഇല്ലാതാക്കുന്നതിനും, നീതിപൂർവം തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

ഉത്തരം

(എ)&(ബി) സഹകരണസംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പുകൾ കക്ഷിരാഷ്ട്രീയത്തിനും വിഭാഗീയതയ്ക്കും അതീതമായാണ് നടത്തിവരുന്നത്. ടി തെരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുന്ന രീതി തുടരെത്തുടരെ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇലക്ഷനുമായി ബന്ധപ്പെട്ട് ചിലർ കോടതിയെ സമീപിക്കാറുണ്ട്. കോടതിയിൽ കേസ്സ് കൊടുക്കുന്നത് ജനാധിപത്യപ്രക്രിയയുടെ പരാജയമായി കാണാനാവില്ല.

(ഡി) തെരഞ്ഞെടുപ്പ് നീതിപൂർവം നടത്തണമെന്നാണ് സർക്കാർ നയം. സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly